കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.28/547/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ -676505
ഫോൺ -0483 2734951
Email : dompm.ksad@kerala.gov.in
തീയ്യതി 21-05-2020

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാറഞ്ചേരി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറഞ്ചേരി ഗ്രാമ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ ആയി (http://aims.ksad.kerala.gov.in/esubmission) ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്

നം കെ എസ് എ.എം.പി.എം. 28/547/2020 തിയ്യതി: 21-05-2020

## മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19-07-2018 മുതൽ 08-03-2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ: ശ്രീ.അജിത്ത്.ആർ, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേഡ് )

ഓഡിറ്റിന് വിനിയോഗിച്ച സമയം : 09.03.2020 മുതൽ 20.03.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| പ്രസാദ് .പി. | ഓഡിറ്റ് ഓഫീസർ |
| അബ്ദുൽ റഷീദ്. എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| റിഷിൽ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| സുജിത.പി.കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. അഡ്വ:ഇ.സിന്ധു | 01.04.2018 മുതൽ 31.03.2019 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി. സ്മിത ജയരാജ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. വി.ജയരാജൻ | 01.04.2018 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ഹെഡ്മിസ്ട്രസ് | 1.ശ്രീമതി. റസിയ | 01-04-2018 മുതൽ 31.05.2018 വരെ |
| | 2. ശ്രീമതി.സിന്ധു | 01-06-2018 മുതൽ 31-03-19 വരെ |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | ഡോ. പ്രിയ | 01-04-2018 മുതൽ 18-07-18 വരെ |
| സീനിയർ<br>മെഡിക്കൽ ഓഫീസർ- ആയുർവേദം | ഡോ. അനൂപ് ബി.എ | 19-07-2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ.അശ്വതികുട്ടി | 01-04-2018 മുതൽ 07-05-18 വരെ |
| | ഡോ.അജ്മൽറഹ്മാൻ | 08-05-2018 മുതൽ 13-08-18 വരെ |
| | ഡോ.അശ്വതികുട്ടി | 14-08-2018 മുതൽ 28-09-18 വരെ |
| | ഡോ.രാജലക്ഷ്മി | 29-09-2018 മുതൽ 31-03-19 വരെ |
| കൃഷി ഓഫീസർ | ശ്രീ.വിഷ്ണു നാരായണൻ.പി.എം | 01-04-2018 മുതൽ 31-03-19 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.അദീപ യാസിൻ | 01-04-2018 മുതൽ 31-03-19 വരെ |
| വെറ്റിനറി സർജൻ | ഡോ.അഷ്റഫ് അബ്ദുൾ റഹ്മാൻ | 01-04-2018 മുതൽ 31-03-19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഷിദി.എൻ.പി | 01-03-2018 മുതൽ 31-03-19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.പി.പി.വിജയൻ | 01-04-2018 മുതൽ 31-03-19 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.പ്രമീള.കെ | 01-04-2018 മുതൽ 31-03-19 വരെ |
| ഡയറി എക്സ്റ്റെഷൻ ഓഫീസർ | ശ്രീ. ഷാജിത്. കെ. | 01-04-2018 മുതൽ 31-03-19 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം -1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നം. |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | അഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണ രജിസ്ട്രേഷന ശേഷവും വിതരണം നടത്തി- നല്കിയ തുക 1,59,500 രൂപ | 1-12 |
| 13 | തെരുവ് വിളക്ക് റിപ്പയർ അപാകതകൾ | 1-13 |

| | | |
|---|---|---|
| 14 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല. | 1-14 |
| 15 | വിദ്യാഭ്യാസ മേഖലയിൽ ഹെഡ്മിസ്ട്രസ് നടപ്പാക്കിയ പ്രൊജക്ടുകളുടെ പൊതു അപാകതകൾ | 1-15 |
| 16 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രൊജക്ടുകൾ- പൊതു അപാകതകൾ | 1-16 |
| 17 | ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ- ഹോമിയോ മരുന്നുകൾ വൈകി ലഭിക്കുന്നു. | 1-17 |
| 18 | പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ- മരുന്നുകൾ പൂർണ്ണമായും ലഭിക്കുന്നില്ല. 383101/-രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 19 | സാധന സാമഗ്രികൾ മുഴുവൻ ലഭ്യമായില്ല 1,18,230/-രൂപ തടസ്സം ചെയ്യുന്നു. | 1-19 |
| 20 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 1-20 |
| 21 | കിഴങ്ങു കൃഷി വികസനം-അപാകതകൾ – 1 ലക്ഷം രൂപ തടസ്സം ചെയ്യുന്നു. | 1-21 |
| 22 | പരമ്പരാഗത കിഴങ്ങ്വർഗ്ഗ വിളകളുടെ സംരക്ഷണം-അപാകതകൾ – 50,000 രൂപ തടസ്സം ചെയ്യുന്നു | 1-22 |
| 23 | സിമന്റ് കോൺക്രീറ്റിംഗ് റോഡ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു - അധികം നൽകിയത് 8349രൂപ | 1-23 |
| 24 | മരാമത്ത് പ്രവൃത്തികളിൽ ജി.എസ്.ടിയിൻമേൽ TDS ഈടാക്കിയിട്ടില്ല | 1-24 |
| 25 | GST കോംപെൻസേഷൻ ഉൾപ്പെടുത്തി കരാറുകാർക്ക് തുക നൽകി - കോമ്പൻസേഷൻ തുകയുടെ അടവ് വിവരം ഉറപ്പാക്കേണ്ടതാണ്. | 1-25 |
| 26 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ല. | 1-26 |
| 27 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം - അപാകത | 1-27 |
| 28 | കറവപശുവിനെ വാങ്ങാൻ ധനസഹായം (പട്ടികജാതി) ലോൺ അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-28 |
| 29 | ലോൺ അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല- ചെലവു തുക തടസ്സം ചെയ്യുന്നു | 1-29 |
| | ഭാഗം 2<br>വരവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3<br>ചെലവ് -വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 30 | സിമന്റ് കോൺക്രീറ്റിംഗ് റോഡ് സൈഡ് ഷട്ടറിംഗ് – ചെയ്യാത്ത പ്രവൃത്തിക്ക് അധിക നിരക്ക് അനുവദിച്ചു. 8349 രൂപ അധികം | 3-1 |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 31 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 32 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 33 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 35 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 36 | സ്ഥിര നിക്ഷേപം | 4-6 |
| 37 | ഓഡിറ്റ് റിക്കവറി | 4-7 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 39 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 41 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |

| | | |
|---|---|---|
| | അനുബന്ധം | |
| 42 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |
| 43 | വാർഷിക ധനകാര്യപത്രികകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

23-03-2018 തീയതിയിലെ 1-ാം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 29-01-2019 തീയതിയിലെ 4 (1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 08-05-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11259902 |
| വരവ് | 104421038 |
| ആകെ | 115680940 |
| ചെലവ് | 97945587 |
| നീക്കിയിരിപ്പ് | 17735353 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 18607000 | 18607000 | 17976360 | 630640 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 3464000 | 3464000 | 3464000 | 00 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8345000 | 8345000 | 8345000 | 00 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3789000 | 3789000 | 3789000 | 00 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 8390000 | 8390000 | 8390000 | 00 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 00 | 00 | 00 | 00 | 00 |
| സാക്ഷരത | | 92616 | 3729 | 92345 | 0 | 96345 |
| ദുരിതാശ്വാസനിധി | | 00 | 1000 | 1000 | 0 | 1000 |
| വിമുക്തി | | 37500 | 25000 | 62500 | 29500 | 33000 |
| | തൊഴിലാളികളുടെ | 00 | 19839971 | 19839971 | 19839971 | 00 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ. ഇ.ജി.എസ് | കൂലി | | | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 5685 | 435511 | 441196 | 431931 | 9265 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്- | സംസ്ഥാനം | 00 | 77000 | 77000 | 76000 | 1000 |
| ടോട്ടൽ സാനിറ്റേഷൻ | | 1692374 | 40596 | 1732970 | 1668000 | 64970 |
| പൈക | | 1000 | 00 | 1000 | 00 | 1000 |
| എസ്.എസ്.എ | | 22267 | 789 | 23056 | 0 | 23056 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 415 | 2050000 | 2050415 | 1890251 | 160164 |
| | ജില്ലാ പഞ്ചായത്ത് | 9120 | 3358900 | 3450100 | 3358900 | 91200 |
| ബി ഫണ്ട് | | 0 | 58829100 | 58829100 | 58829100 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 619235 | 13183380 | 13802615 | 6860835 | 6941780 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 122082246 | 190 | 78787099 | 0 | 12 | 94.1% |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ജി.എസ് തൊഴിലാളികളുടെ കൂലി (EFMS) | 00 | 19839971 | 19839971 | 19839971 | 00 |
| എം.ജി.എൻ.ആർ.ജി.എസ് (Admin Exp) | 5685 | 435511 | 441196 | 431931 | 9265 |
| എം.ജി.എൻ.ആർ.ജി.എസ് (State share) | 00 | 77000 | 77000 | 76000 | 1000 |
| | 5685 | 20352482 | 20358167 | 20347902 | 10265 |

വാർഷിക ധനകാര്യപത്രികയുമായി 1000/-രൂപയുടെ വ്യത്യാസം ഉണ്ട്.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 163800 | 87 |
| കർഷക തൊഴിലാളി പെൻഷൻ | 6666800 | 507 |
| | | |

| | | |
|---|---|---|
| വിധവാ പെൻഷൻ | 15008000 | 1261 |
| വാർദ്ധക്യകാല പെൻഷൻ | 30121800 | 2848 |
| വികലാംഗ പെൻഷൻ | 5640600 | 466 |
| വിവാഹ ധനസഹായം | 450000 | 15 |
| അവിവാഹിത പെൻഷൻ | 699600 | 59 |
| നെൽകൃഷി ഉത്പാദന ബോണസ് | 78500 | 162 |
| സംസ്ഥാനാവിഷ്കൃതം (തൊഴിലുറപ്പ് പദ്ധതി) | 77000 | 77 |

# 1-8 ക്യാഷ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.03.2020-ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 6879/-രൂപയുടെ നീക്കിയിരിപ്പ് ബോദ്ധ്യപ്പെട്ടു.

# 1-9 അഭ്യന്തര നിയന്ത്രണം

1.വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തുതല ആസൂത്രണ സമിതി, വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവയുടെ പ്രവർത്തന മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ടുകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ഉറപ്പ് വരുത്തേണ്ടതുമാണ്.

2. നിക്ഷേപ പ്രവൃത്തികളെ സംബന്ധിച്ച രജിസ്റ്റർ കാലികമാക്കുന്നില്ല.

3. തെരുവ് വിളക്കുകളെ സംബന്ധിച്ച രജിസ്റ്റർ പൂർണ്ണമല്ല. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തിയിട്ടില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.01.2020 | 01.12.2019 മുതൽ 31.12.2019 വരെ | 24.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.03.2011 | 2005-06 മുതൽ 2009-10 വരെ | 07.05.2011 |

# 1-11 വാർഷിക കണക്കിലെ അപാകതകൾ

1. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2005-06 മുതൽ 2018-19വരെ 271088 രൂപ ഡെപ്പോസിറ്റുണ്ട്. 2005-06 മുതൽ 2015-16 വരെയുള്ള ക്ലെയിം ചെയ്യാത്ത ഡെപ്പോസിറ്റ് തുക 148865 രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല.

2. വസ്തുനികുതി കുടിശ്ശിക ഡിമാന്റ് സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

| ഇനം | വാർഷികകണക്ക് പ്രകാരം | ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം |
|---|---|---|
| റെസിഡെൻഷ്യൽ ബിൽഡിംഗ്സ് | 0 | 7149 |
| | | |

| | | |
|---|---|---|
| നോൺ റെസിഡെൻഷ്യൽ ബിൽഡിംഗ്സ് | 100517 | 101589 |

3.ബാലൻസ് ഷീറ്റ് B-15 പ്രകാരം റെസിഡെൻഷ്യൽ ബിൽഡിംഗുകൾക്ക് വസ്തുനികുതി കുടിശ്ശികയില്ല. എന്നാൽ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം 4668 രൂപ കുടിശ്ശികയുണ്ട്. നോൺ റെസിഡെൻഷ്യൽ ബിൽഡിംഗുകളുടെ വസ്തുനികുതി ഇനത്തിൽ ഡി.സി.ബി സ്റ്റേറ്റ്മെന്റ് പ്രകാരം 128301 രൂപ കുടിശ്ശികയുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് B-15 പ്രകാരം 110879 രൂപയാണ് കുടിശ്ശിക.

4. MGNREGS : I-6 ഷെഡ്യൂളിൽ ഭരണച്ചെലവ് തുക ഉൾപ്പെടുത്തിയിട്ടില്ല.

5. നിർവഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുന്ന പ്രൊജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്, ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. വി.പി.എഫ്.എ 1-2 (ട്രഷറി തനത് ഫണ്ട്) അക്കൗണ്ടിൽ ലഭ്യമാക്കിയ ബാങ്ക് ബുക്ക് പ്രകാരം 2011 വർഷം മുതൽ 3,26,446 രൂപ നീക്കിയിരിപ്പുണ്ട്. റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.

7. 2017-18 വാർഷിക കണക്ക് അപാകതകളിൽ ( 2017-18 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-12 ) ക്രമ നമ്പർ 2,3 എന്നിവ പരിഹരിച്ചിട്ടില്ല.

8. ആസ്തികൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല.

## 1-12 സാമൂഹ്യ സുരക്ഷാ പെൻഷൻ - മരണ രജിസ്ട്രേഷനു ശേഷവും വിതരണം നടത്തി- നല്കിയ തുക 1,31,780 രൂപ

മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് മുഖേന പെൻഷൻ കൈപ്പറ്റുന്ന ചുവടെ ചേർത്ത വ്യക്തികൾക്ക് അവരുടെ മരണ ശേഷവും പെൻഷൻ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം & ഐ.ഡി | മരണം നടന്ന തിയ്യതി | മരണ രജിസ്ട്രേഷൻ നം& തിയ്യതി | അനർഹമായി നൽകിയ തുക | റിമാർക്സ്. |
|---|---|---|---|---|---|---|
| 1 | മുഹമ്മദ് (ആധാർ നം.5290 3521 3594) | വാർദ്ധക്യകാല പെൻഷൻ (75വയസ്സിന് മുകളിൽ) 109900201213 | 07.12.2017 | 158/17 19.12.2017 | 12000 | ജനുവരി, ഫെബ്രുവരി, മാർച്ച്-18 4500/- ഡിസംബർ-18, ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ-19 7500 |
| 2 | ഇബ്രാഹിം കുട്ടി (ആധാർ നം.6213 4735 9755) | വാർദ്ധക്യകാല പെൻഷൻ (75വയസ്സിന് മുകളിൽ) | 23.10.2017 | 160/17 26.12.2017 | 13500 | നവംബർ-17 1500/- ഡിസംബർ-17, ജനുവരി, |

| | | | | | | |
|---|---|---|---|---|---|---|
| | | 109900201203 | | | | ഫെബ്രുവരി, മാർച്ച്-18<br>6000/-<br>ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ-18<br>6000/-രൂപ |
| 3 | ആയിഷ<br>(ആധാർ നം. 3608 3120 2252) | വിധവാ പെൻഷൻ<br>109900601049 | 11.01.18 | 8/18<br>16.02.18 | 20200 | ഫെബ്രുവരി, മാർച്ച്-18<br>2200/-<br>ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ-18<br>4400/-രൂപ<br>ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ/18<br>4400/-<br>ഡിസംബർ-18, ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ-19<br>5600/-<br>മെയ്, ജൂൺ, ജൂലൈ -19<br>3600/- |
| 4 | കുഞ്ഞുലക്ഷ്മി<br>(ആധാർ നം. 383854519203) | വാർദ്ധ്യക്യകാല പെൻഷൻ<br>(75 വയസ്സിനു മുകളിൽ)<br>10990020054310 | 20.03.18 | 28/18-<br>17.04.18 | 19500/- | ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ-18<br>6000/-രൂപ<br>ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ/18<br>6000/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ഡിസംബർ-18, ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ-19<br>7500/- |
| 5 | അബൂബക്കർ.<br>(ആധാർ നം. 334863630775) | വാർദ്ധക്യകാല പെൻഷൻ<br>(109900201415) | 08.4.18 | 38/18-<br>05.05.18 | 13300/- | മെയ്, ജൂൺ, ജൂലൈ-18<br>3300/-രൂപ<br>ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ/18<br>4400/-<br>ഡിസംബർ-18, ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ-19<br>5600/- |
| 6 | അമ്മിണി<br>(ആധാർ നം. 603900618020) | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ<br>109900500030 | 18.04.18 | 51/18-<br>22.05.18 | 16900/- | മെയ്, ജൂൺ, ജൂലൈ-18<br>3300/-രൂപ<br>ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ/18<br>4400/-<br>ഡിസംബർ-18, ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ-19<br>5600/-<br>മെയ്, ജൂൺ, ജൂലൈ -19<br>3600/- |
| 7 | വാസു | കർഷക തൊഴിലാളി | 30.03.18 | 57/18-<br>23.05.18 | 14400 | ഏപ്രിൽ, |

| | | | | | | |
|---|---|---|---|---|---|---|
| | (ആധാർ നം. 832446148831) | പെൻഷൻ<br>109900100227 | | | | മെയ്, ജൂൺ, ജൂലൈ-18<br>4400/-രൂപ<br>ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ/18<br>4400-<br>ഡിസംബർ-18, ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ-19<br>5600/- |
| 8 | ഇയ്യാച്ചമ്മ<br>ആധാർ നം. 587445848350) | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ<br>109900600245 | 09.08.18 | 143/18-25.10.18 | 12500 | സെപ്റ്റംബർ, ഒക്ടോബർ, നവംബർ/18<br>3300/-<br>ഡിസംബർ-18, ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ-19<br>5600/-<br>മെയ്, ജൂൺ, ജൂലൈ -19<br>3600/- |
| 9 | നാരായണി<br>(ആധാർ നം.784667049724) | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ<br>109900200870 | 22.05.18 | 70/18-<br>13.06.18 | 15800/- | ജൂൺ, ജൂലൈ-18<br>2200/-രൂപ<br>ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ/18<br>4400-<br>ഡിസംബർ-18, ജനുവരി, ഫെബ്രുവരി, |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | മാർച്ച്, ഏപ്രിൽ-19<br>5600/-<br>മെയ്, ജൂൺ, ജൂലൈ -19<br>3600/ |
| 10 | ഭാസ്കരൻ (ആധാർ നം. 493194282954) | ന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ<br>109900202193 | 22.12.2018 | 4/19-15.01.19 | 8080/- | ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ-19<br>4480/-<br>മെയ്, ജൂൺ, ജൂലൈ -19<br>3600/ |

ആകെ നൽകിയ തുക -1,31,780 രൂപ. ആധാർ നമ്പർ ലഭ്യമായതും മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തവരുമായ ഗുണഭോക്താക്കളുടെ കാര്യത്തിൽ നൽകിയ തുകകളുടെ വിവരം മാത്രമാണ് പരിശോധിക്കാനായത്. മുഴുവൻ ഗുണഭോക്താക്കളുടെ കാര്യത്തിലും പരിശോധന നടത്തി കാലികമാക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി അനർഹമായി നൽകിയ തുക തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. അനർഹമായി തുക അനുവദിച്ചതിനെ വിശദീകരണം നൽകേണ്ടതും സ്വീകരിച്ച നടപടികൾ ഈ റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതുമാണ്. നടപടികളുടെ അഭാവത്തിൽ ആയത് സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 1-13 തെരുവ് വിളക്ക് റിപ്പയർ അപാകതകൾ

പ്രൊജക്ട് SO 68/19 തെരുവ് വിളക്ക് റിപ്പയറും പുതിയത് സ്ഥാപിക്കലും.
അടങ്കൽ 7,50,000 രൂപ
നിർവ്വഹണം- സെക്രട്ടറി
ചെലവ് 4,47,440 ട്രഷറി ബിൽ 35/15.1.19

പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ടെണ്ടർ പ്രകാരം 786 തെരുവ് വിളക്കുകൾ ഉണ്ട്. 207 ട്യൂബ് ലൈറ്റുകളും 14 വാട്ടിന്റെ 563 എൽ.ഇ.ഡി ലാംബുകളും 9 വാട്ടിന്റെ 16 എൽ.ഇ.ഡി ലാമ്പുകളുമാണ് അവ. വിവിധ തരം തെരുവ് വിളക്കുകൾക്കും ഒരേ നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നു.

2. ഇലക്ട്രിക്കൽ വർക്കുകൾ/ അറ്റകുറ്റപ്പണി ഏറ്റെടുക്കുന്നതിന് യോഗ്യതയുണ്ടെന്നുള്ളതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തു നിന്നുള്ള സാക്ഷ്യപത്രം ഇല്ല.

3. ഒന്നാം ഘട്ടം അറ്റകുറ്റപ്പണിയും മെയിന്റനൻസും പരിപാലനവും കഴിഞ്ഞാൽ തുടർന്ന് ഓരോ മൂന്ന് മാസം കൂടുമ്പോഴും ആവശ്യമായ റിപ്പയറിംഗ് നടത്തേണ്ടതാണ് എന്ന് കരാറിൽ വ്യവസ്ഥ ( നമ്പർ - തിയ്യതി 10-10-18) ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ തുടർ പ്രവർത്തനം നടത്തിയിട്ടില്ല.

4. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നിരീക്ഷിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. ഗ്രാമ പഞ്ചായത്ത് സൂക്ഷിക്കുന്ന തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നിലവിലുള്ള രജിസ്റ്റർ പ്രകാരം ആകെ 676 എണ്ണം മാത്രമാണ് ഉള്ളത്. എന്നാൽ കരാറിൽ 786 എണ്ണം ഉണ്ട്. ആയതിന് ശേഷം സ്ഥാപിച്ച

തെരുവ് വിളക്കുകൾ രജിസ്റ്ററിൽ ചേർത്തിട്ടില്ല. രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാറണ്ടി കാലയളവ് കഴിയാത്ത തെരുവ് വിളക്കുകളും അറ്റകുറ്റപ്പണിക്കായുള്ള കരാറിൽ ഉൾപ്പെട്ടുവോ എന്ന് വ്യക്തമല്ല.

6. 18-12-18 ലെ കത്തിൽ 470 എണ്ണം അറ്റകുറ്റപ്പണി നടത്തിയതായി കരാറുകാരനായ ലൈറ്റ് ഓൺ എനർജി കാവഞ്ചേരി, മംഗലം എന്ന സ്ഥാപനം അറിയിക്കുകയും ആയതിന് പണം ആവശ്യപ്പെടുകയും ചെയ്തു. മെമ്പർമാരിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കുന്നുവെന്നും കത്തിൽ പറയുന്നു. എന്നാൽ ഓരോ വാർഡിലേയും ഏതൊക്കെ തെരുവ് വിളക്കുകൾ ആണ് റിപ്പയർ ചെയ്തത് എന്ന് വ്യക്തമാക്കുന്നതിന് പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ ഒരേ വിളക്ക് തന്നെ ഒന്നിലധികം തവണ ക്ലെയിമിൽ ഉൾപ്പെട്ടുവോ എന്നും വ്യക്തമല്ല.

6. 17.1.19 ൽ 316 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി പൂർത്തിയാക്കിയതായും പണം അനുവദിക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ കത്തിലും വിളക്കുകളുടെ പോസ്റ്റ് നമ്പർ വ്യക്തമല്ല. ആകെ എണ്ണം പ്രസ്താവിക്കുന്ന വാർഡ് മെമ്പർമാരുടെ അറ്റകുറ്റപ്പണികൾ തൃപ്തികരമായി പൂർത്തീകരിച്ചതായുള്ള കത്ത് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ കരാറുകാരൻ പഞ്ചായത്തുമായി സഹകരിക്കുന്നില്ല എന്ന് ഭൂരിഭാഗം മെമ്പർമാരും അഭിപ്രായപ്പെട്ടതിനാൽ പഞ്ചായത്ത് തലത്തിൽ ഒരുവട്ടം കൂടി പൂർത്തീകരിച്ചതിന് ശേഷം മാത്രം ഫൈനൽ ബിൽ നൽകുന്നതിന് 18.12.19 ലെ 5(1) നമ്പറായി തീരുമാനിച്ചു. ആദ്യഗഡു തുക നൽകുന്നതിന് മുന്നോടിയായും ചെയ്ത പ്രവൃത്തി സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പോ സ്റ്റാന്റിംഗ് കമ്മിറ്റിയോ വിശദമായ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

7.കരാറിൽ ഗ്രാമ പഞ്ചായത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിന് മൂന്ന് വട്ടം കൂടി അറ്റകുറ്റപ്പണി നടത്തണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ഗഡുക്കളായി പണം നൽകുന്നത് എപ്രകാരമാണെന്ന് ഗ്രാമ പഞ്ചായത്തിന്റെ താല്പര്യാനുസരണം വ്യവസ്ഥ ചെയ്തിട്ടില്ല. അതിനാൽ തന്നെ കരാറുകാരന്റെ അപേക്ഷ കിട്ടുന്ന മുറക്ക് തുക നൽകുവാൻ കാരണമായി. പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കുകയോ പരിഗണിക്കപ്പെടുകയോ ചെയ്തില്ല.
അപാകതകൾ ആവർത്തിക്കപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല.

പ്രൊജക്ട് SO202/19
നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി
ട്രഷറി ബിൽ 13/6.7.18 – 2,23,633 രൂപ. (ധനകാര്യ കമ്മീഷൻ അവാർഡ് തുക)

2018-19 ൽ ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ 250മീറ്റർ കുടിവെള്ള ടാപ്പുകൾ നീട്ടി സ്ഥാപിക്കുന്നതിന് 2,23,633 രൂപ വകയിരുത്തുകയും റഫ് കോസ്റ്റ് എസ്റ്റിമേറ്റ് അനുസരിച്ചുള്ള തുക ട്രഷറി ബിൽ 13/6.7.18 പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തു. തുടർന്ന് 27.7.18 ലെ A5- 5068/18 നമ്പർ കത്തിൽ കരാർ വെക്കുന്നതിന് നടപടികൾ സ്വീകരിക്കാനും എസ്റ്റിമേറ്റ് തയ്യാറാക്കി തരുന്നതിനും പൊന്നാനി വാട്ടർ അതോറിട്ടി അസ്സിസ്റ്റന്റ് എഞ്ചിനീയറോട് അപേക്ഷിക്കുകയുണ്ടായി. പണം നിക്ഷേപിക്കുകയും 2019-20 സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

പഞ്ചവൽസര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ (കൈ) നം. 11/2018/ത.സ്വ.ഭ.വ തിയ്യതി: 29.01.2018 ഖണ്ഡിക.11.2 (ഡി)(ii) പ്രകാരം കേരള ജല അതോറിട്ടി, കേരള സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജല വകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് തുക മുൻകൂർ നൽകുന്നതിനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകേണ്ടതാണ്. ഇത്തരം പ്രൊജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം ആവശ്യമില്ല. എന്നാൽ തദ്ദേശ ഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ. മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളത്.
ഡെപ്പോസിറ്റ് പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിക്കുന്നുവെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-15 വിദ്യാഭ്യാസ മേഖലയിൽ ഹെഡ്മിസ്ട്രസ് നടപ്പാക്കിയ

# പ്രൊജക്ടുകളുടെ പൊതു അപാകതകൾ

ഹെഡ്മിസ്ട്രസ് നിർവ്വഹണ ഉദ്യോഗസ്ഥയായി രണ്ട് സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ 10 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. 28.95 ലക്ഷം രൂപയുടെ അടങ്കലിൽ 26.60 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് നിർവ്വഹണത്തിലെ പൊതു അപാകതകൾ താഴെ പറയുന്നു.

1. മോണിട്ടറിങ് റിപ്പോർട്ടുകൾ ഇല്ല.

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ29.1.18 ഉത്തരവ് ഖ: 13.1 പ്രകാരം പ്രൊജക്ട് മോണിട്ടറിങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള മോണിട്ടറിങ് രേഖകൾ ഇല്ല.

2. 145/19 പ്രത്യാശ-എന്റെ വിദ്യാലയം പദ്ധതി എന്ന പേരിൽ നടപ്പാക്കിയ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ശ്രദ്ധ കൊടുക്കുന്നതിനുള്ള പ്രൊജക്ടിൽ യോഗ പരിശീലനം, മൽസര പരീക്ഷക്ക് പരിശീലനം അതിന് വേണ്ടിയുള്ള വർക്ക് ബുക്കുകളുടെ അച്ചടി തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വേണ്ടി നടപ്പാക്കുന്ന പ്രൊജക്ട് നിർവ്വഹണ ഘട്ടത്തിൽ മിടുക്കരായ കുട്ടികൾക്കുള്ള പരീക്ഷാ പരിശീലനം എന്ന രീതിയിലേക്ക് പരിവർത്തിക്കപ്പെടുന്നതായി കാണുന്നു. എൽ.എസ്.എസ്, യു.എസ്.എസ് പരീക്ഷകൾക്ക് കൂടി സഹായകമായ രീതിയിലാണ് പരിശീലനത്തിനായി തയ്യാറാക്കിയ സാമഗ്രികൾ. വിദ്യാഭ്യാസ മേഖലയിൽ ഗ്രാമ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന് അനുരൂപമായ വിധത്തിൽ നടപ്പാക്കപ്പെടുന്നു എന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ഉറപ്പാക്കേണ്ടതാണ്.

3. പരിശീലകരേയും സന്നദ്ധ സേവകരെയും തെരഞ്ഞെടുക്കുന്നതിലുള്ള വീഴ്ചകൾ.

സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എൽ.പി, യു.പി വിദ്യാർത്ഥികൾക്കായി യോഗ പരിശീലനം നടത്തിയതിന് പരിശീലകർക്ക് പ്രതിഫലമായി 20000 രൂപ നൽകിയിട്ടുണ്ട്. സ.ഉ. (സാധാ) നം. 3190/17,ത.സ്വ.ഭ.വ, തീയ്യതി 3-10-2017 പ്രകാരം സൂചിപ്പിച്ച ഉത്തരവ് പ്രകാരം പരിശീലകന്റെ വിദ്യാഭ്യാസ യോഗ്യതയായി BNYS (Bachelor in Naturopathy and Yoga Science) ആണ് നിഷ്കർഷിച്ചിട്ടുള്ളത്. അംഗീകൃത സർവ്വകലാശാലയിൽ നിന്ന് BNYS ബിരുദമോ തത്തുല്യ യോഗ്യത/യോഗ അസോസിയേഷൻ/സ്പോർട്സ് കൗൺസിൽ അംഗീകരിച്ച യോഗ്യതയുള്ളവരെയും പരിശീലകരായി നിശ്ചയിക്കാം. പരിശീലകനായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ.ബെന്നി.കെ.ഡി എന്നിവർക്ക് അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ PG Diploma in Yoga യും Msc Yoga യും ആണ് യോഗ്യതയായി ഉള്ളത്. എന്നാൽ പരിശീലകരായി നിയമിക്കപ്പെട്ടവർ ഹാജരാക്കിയ യോഗ്യതാ സർട്ടിഫിക്കറ്റുകൾ നിശ്ചിത യോഗ്യതക്ക് തുല്യമാണോ എന്നും അംഗീകരിക്കപ്പെട്ട മറ്റ് യോഗ്യതകളിൽ ഉൾപ്പെടുമോ എന്നും ഫയലിൽ വ്യക്തമാക്കുന്നില്ല. ലഭ്യമായ അപേക്ഷകരിൽ നിന്നും കൂടുതൽ യോഗ്യതയുള്ളയാളെ പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെ നിയമിക്കുന്ന രീതിയാണ് സ്വീകരിക്കുന്നത്. സർക്കാർ നിർദ്ദേശം അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പ് വരുത്തേണ്ടതാണ്.

# 1-16 ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പ്രൊജക്ടുകൾ- പൊതു അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ഒരു സ്പിൽ ഓവർ പ്രൊജക്ട് ഉൾപ്പെടെ 8 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. 41.33 ലക്ഷം രൂപയുടെ അടങ്കലിൽ 34.48 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അംഗനവാടി പോഷകാഹാര പ്രൊജക്ടിനായി 35.84 ലക്ഷം രൂപ വകയിരുത്തിയെങ്കിലും 29.26 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചത്. മറ്റ് പ്രൊജക്ടുകൾക്കായി വകയിരുത്തിയ തനത് ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ ചെലവഴിക്കാതിരുന്നതിനാലാണ് ചെലവ് ശതമാനം 83.34 ശതമാനമായി കുറഞ്ഞത്.

പ്രൊജക്ട് നിർവ്വഹണത്തിലെ പൊതു അപാകതകൾ താഴെ പറയുന്നു.

1. മോണിട്ടറിങ് റിപ്പോർട്ടുകൾ ഇല്ല.

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ29.1.18 ഉത്തരവ് ഖ: 13.1 പ്രകാരം പ്രൊജക്ട് മോണിട്ടറിങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള മോണിട്ടറിങ് രേഖകൾ തയ്യാറാക്കിയിട്ടില്ല.

2. പരിശീലകരെ തെരഞ്ഞെടുക്കുന്നതിൽ ജാഗ്രതയില്ല

വനിതകൾക്ക് യോഗപരിശീലനം നൽകുന്നതിനായി ഓഡിറ്റ് കാലയളവിൽ 40,000 രൂപ ചെലവഴിച്ചിട്ടുണ്ട്. സ.ഉ.(സാധാ) നം. 3190/17,ത.സ്വ.ഭ.വ, തീയ്യതി 3-10-2017 പ്രകാരം സൂചിപ്പിച്ച ഉത്തരവ് പ്രകാരം പരിശീലകന്റെ വിദ്യാഭ്യാസ യോഗ്യതയായി BNYS (Bachelor in Naturopathy and Yoga Science) ആണ് നിഷ്കർഷിച്ചിട്ടുള്ളത്. അംഗീകൃത സർവ്വകലാശാലയിൽ നിന്ന് BNYS ബിരുദമോ തത്തുല്യ യോഗ്യത/യോഗ അസോസിയേഷൻ/സ്പോർട്സ് കൗൺസിൽ അംഗീകരിച്ച യോഗ്യതയുള്ളവരെയും പരിശീലകരായി നിശ്ചയിക്കാം. എന്നാൽ പരിശീലകനായ ശ്രീ. സജിൻ. എം.ജെ എന്നയാൾക്ക് സ്വാമി വിവേകാനന്ദ യോഗ അനുസന്ധാന സംസ്ഥാൻ, ബംഗളൂരുവിൽ നിന്നുള്ള മാസ്റ്റർ ഓഫ് സയൻസ് (യോഗ) എന്ന യോഗ്യതയാണുള്ളത്. പരിശീലകരായി നിയമിക്കപ്പെട്ടവർ ഹാജരാക്കിയ യോഗ്യതാ സർട്ടിഫിക്കറ്റുകൾ നിശ്ചിത യോഗ്യതക്ക് തുല്യമാണോ എന്നും അംഗീകരിക്കപ്പെട്ട മറ്റ് യോഗ്യതകളിൽ ഉൾപ്പെടുമോ എന്നും ഫയലിൽ വ്യക്തമാക്കുന്നില്ല. ലഭ്യമായ അപേക്ഷകരിൽ നിന്നും കൂടുതൽ യോഗ്യതയുള്ളയാളെ പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെ നിയമിക്കുന്ന രീതിയാണ് സ്വീകരിക്കുന്നത്. സർക്കാർ നിർദ്ദേശം അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നു എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പ് വരുത്തേണ്ടതാണ്.

3.രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

ഭക്ഷ്യ വസ്തുക്കളും മറ്റ് സാധനസാമഗ്രികളും സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുമ്പോൾ ബന്ധപ്പെട്ട ഇൻവോയ്സ് നമ്പർ, വിതരണ തിയ്യതി, ട്രഷറി ബിൽ നമ്പർ, ചെക്ക് നമ്പർ തുടങ്ങിയ വിവരങ്ങൾ വിശദമായി രേഖപ്പെടുത്തുന്നതിൽ വീഴ്ചകൾ ഉണ്ട്. കാഷ് ബുക്കിൽ ലഭിച്ച ഫണ്ട് വിവരം ചെലവുകളുടെ വിവരണം എന്നിവയുടെ വിശദാംശങ്ങൾ പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല.

അപാകതകൾ ഇല്ലായെന്നും പദ്ധതി നിർവ്വഹണത്തിലെ രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് തുടങ്ങി എല്ലാ ഘട്ടങ്ങളും മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് നടക്കുന്നുവെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ഉറപ്പാക്കേണ്ടതാണ്.

# 1-17 ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ- ഹോമിയോ മരുന്നുകൾ വൈകി ലഭിക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | ഹോമിയോ ഡിസ്പെസെറിയിലേക്ക് മരുന്ന് വാങ്ങൽ |
| പ്രൊജക്റ്റ് നം. | 77 |
| അടങ്കൽ | 100000/- |
| ചെലവഴിച്ചതുക | 100000/- (വികസന ഫണ്ട്) ട്രഷറി ബിൽ നം. 11/18-19 തിയ്യതി 23.01.19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡോ.അനൂപ് .വി.എ. മെഡിക്കൽ ഓഫീസർ, ആയുർവേദം |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് ഇൻവോയ്സ് നം. PF.1186 dated 16.11.2018 പ്രകാരം 100000/-രൂപയുടെ മരുന്നുകൾക്കുള്ള ഓർഡർ ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. റസീറ്റ് നം. 1204 തിയ്യതി 22.02.2019 പ്രകാരം തുക കൈപ്പറ്റിയതായി ഹോകോം അറിയിച്ചിട്ടുണ്ട്. ഇൻവോയ്സ് നം. 2024 തിയ്യതി 05.02.2020 പ്രകാരം

മരുന്നുകൾ ലഭ്യമായത് ഏകദേശം ഒരു വർഷത്തിനു ശേഷമാണ്. മരുന്നുകൾ യഥാസമയം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മേൽ വിഷയത്തിലും മരുന്നുകൾ സ്റ്റോക്കിലെടുക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 1 തിയ്യതി 16.03.2020 നെ തുടർന്ന് മരുന്നുകൾ സ്റ്റോക്കിലെടുത്ത് സ്റ്റോക്ക് ബുക്ക് ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്.

## 1-18 പി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ- മരുന്നുകൾ പൂർണ്ണമായും ലഭിക്കുന്നില്ല. 383101/-രൂപ തടസ്സപ്പെടുത്തുന്നു.

1.ഡയാലിസ് യൂണിറ്റിന് മരുന്ന് വാങ്ങൽ

വർദ്ധിച്ച് വരുന്ന വൃക്കരോഗികൾക്ക് ആശ്വാസം നല്കുന്നതിനായി ഡയാലിസ് ചെയ്തു നല്കാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഡയാലീസ് യൂണിറ്റിന് ആവശ്യമായ മരുന്ന് വാങ്ങാനായി K.M.S.L. നല്കിയ 200000/-രൂപയിൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദവിവരങ്ങൾ താഴെ നല്കുന്നു.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | ഡയാലിസ് യൂണിറ്റിന് മരുന്ന് വാങ്ങൽ |
| പ്രൊജക്റ്റ് നം. | 106 |
| അടങ്കൽ | 200000/- |
| ചെലവഴിച്ചതുക | 200000/- (വികസന ഫണ്ട്)<br>ട്രഷറി ബിൽ നം. 40/18-19 തിയ്യതി 23.03.19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡോ. രാജലക്ഷ്മി. എസ്<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

ഡയാലിസ് യൂണിറ്റിന് മരുന്ന് വാങ്ങുന്നതിന് ഇൻവോയ്സ് നം. PRF-5554/22.03.19 പ്രകാരം രണ്ടു ലക്ഷം രൂപയുടെ മരുന്നിന് ഓർഡർ നല്കിയിട്ടുണ്ട്. എന്നാൽ 193457/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 6543/-രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട് . മരുന്ന് ലഭ്യമായതിന്റെ വിവരം താഴെ നല്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തിയ്യതി | തുക |
|---|---|---|
| 01 | 271/27.09.19 | 3074 |
| 02 | 162/23.07.19 | 63573 |
| 03 | 131/04.07.19 | 3417 |
| 04 | 124/27.06.19 | 9681 |
| 05 | 118/26.06.19 | 18463 |
| 06 | 95/14.06.19 | 4390 |
| 07 | 96/14.06.19 | 10864 |
| 08 | 70/210519 | 29514 |
| 09 | 99/14.06.19 | 50481 |
| | ആകെ | 193457 |

മരുന്നുകൾ 6543/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ |
| | |

| | |
|---|---|
| പ്രൊജക്ട് നം. | 70 |
| അടങ്കൽ | 300000/- |
| ചെലവഴിച്ചതുക | 300000/-<br>105500/- (വികസന ഫണ്ട്)<br>5000/-(18/18-19/05.02.19)<br>100500/-(20/18-19/26.02.19)<br>194500/-(റോഡീതരം)<br>(21/18-19/26.02.19) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡോ. രാജലക്ഷ്മി. എസ്<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി K.M.S.C.Lൻ ഇൻവോയ്സ് നം. PRF-4033 dated 23.01.19 പ്രകാരം 5000/-രൂപയുടേയും, ഇൻവോയ്സ് നം. PRF-4515 dated 12.02.19 പ്രകാരം 100500/- രൂപയുടേയും, ഇൻവോയ്സ് നം. PRF-4518 dated 12.02.19 പ്രകാരം 194500/-രൂപയുടേയും മരുന്നുകൾക്ക് ഓർഡർ നല്കിയിട്ടുണ്ട്. എന്നാൽ 102758/- രൂപയുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് സമയം വരെ ലഭ്യമായത്.

മരുന്നുകൾ ലഭ്യമായതിന്റെ വിവരങ്ങൾ താഴെ നല്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./തിയ്യതി | തുക |
|---|---|---|
| 01 | 2993/03.05.19 | 4459 |
| 02 | 31964/06.02.20 | 538 |
| 03 | 693/25.07.19 | 21200 |
| 04 | 8458/15.11.19 | 10273 |
| 05 | 8707/19.11.19 | 22544 |
| 06 | 4431/26.07.19 | 43744 |
| 07 | ആകെ | 102758 |

197242/-രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുണ്ട്.

3.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | പരിരക്ഷാ ഹോം കെയർ |
| പ്രൊജക്ട് നം. | 66 |
| അടങ്കൽ | 866400/- |
| ചെലവഴിച്ചതുക | 786163/-<br>394763(വികസന ഫണ്ട്)<br>391400(തനതു ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡോ. രാജലക്ഷ്മി. എസ്<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

മേൽ പ്രോജക്റ്റിൽ മരുന്നുകൾ വാങ്ങാനായി 150000/-രൂപ (19/18-19/14.02.19), 80724/-രൂപ (Cheque No.3053899/23.03.19), 109967/- (Cheque No. 3053900/22.03.19) പ്രകാരം ആകെ 340691/-രൂപ K.M.S.C.L ന് നല്കിയിട്ടുണ്ട്. എന്നാൽ 161375/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. വിശദവിവരങ്ങൾ താഴെ നല്കുന്നു

| Proforma Invoice | ലഭിച്ച മരുന്ന് (Invoice No. date) | Amount |
|---|---|---|
| PRF 4131 dated 26.01.19 Rs.150000 | | |
| ലഭിച്ച മരുന്ന് | 4430/25.07.19 | 65125 |
| | 692/25.07.19 | 4775 |
| | 4922/07.08.19 | 9147 |
| PRF 5122 dated 11.03.19 Rs.109967 | 6571/05.10.19 | 26145 |
| ലഭിച്ച മരുന്ന് | 8489/15.11.19 | 24459 |
| | 8497/15.11.19 | 28279 |
| | 1261/15.11.19 | 547 |
| | 8509/15.11.19 | 2898 |
| PRF 4815 dated 26.02.19 Rs.80724 | മരുന്നുകൾ ലഭ്യമല്ല | 00 |
| ആകെ ലഭിച്ച മരുന്ന്<br>ലഭിക്കാനുള്ള മരുന്ന് | | 161375<br>340691-161375=179316 |

6543/- + 197242 + 179316 = 383101/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 2 തിയ്യതി 16.03.2020ന് ലഭ്യമാക്കിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കാം എന്ന് അറിയിച്ചിട്ടുണ്ട്.

## 1-19 സാധന സാമഗ്രികൾ മുഴുവൻ ലഭ്യമായില്ല 118230/-രൂപ തടസ്സം ചെയ്യുന്നു.

സമൂഹത്തിൽ സർവ്വസാധാരണയായിരിക്കുന്ന ജീവിത ശൈലീ രോഗങ്ങളായ രക്തസമർദ്ദം, പ്രമേഹം എന്നിയുടെ രോഗ നിർണ്ണയവും, നിയന്ത്രണവുമാണ് സമഗ്ര ആരോഗ്യ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | സമഗ്ര ആരോഗ്യപദ്ധതി-ജീവിതശൈലീ രോഗനിയന്ത്രത്തിന് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങൽ |
| പ്രൊജക്ട് നം. | 111 |
| അടങ്കൽ | 200000/- |
| ചെലവഴിച്ചതുക | 184413/-<br>140778(വികസന ഫണ്ട്)<br>(No.26/18-19 dated 23.03.19)<br>43635/-<br>(No.11/18-19 dated 25.10.18) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡോ. രാജലക്ഷ്മി. എസ്<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

ട്രഷറി ബിൽ നം. 26/18-19 dated 23.03.19 പ്രകാരം 140778/-രൂപ പിൻവലിച്ച് പ്രൊഫോർമ്മ ഇൻവോയ്സ് നം. PRF4819 dated 26.02.19 പ്രകാരം ജീവിതശൈലീ രോഗനിയന്ത്രണത്തിന് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുന്നതിന് K.M.S.C.L, തിരുവനന്തപുരത്തിന് നല്കിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം. 6801 dated 21.10.2019 പ്രകാരം 66183/-രൂപയുടെ സാധന സാമഗ്രികൾ മാത്രമാണ് ലഭ്യമായത്. 74595/-രൂപയുടെ സാധന സാമഗ്രികൾ ഇനിയും ലഭിക്കാനുണ്ട്. ട്രഷറി ബിൽ നം. 11/18-19 dated 25.10.18 പ്രകാരം 43635/-രൂപ പിൻവലിച്ച് K.M.S.C.L (Proforma Invoice No. 57/2018-19 dated 31.07.2018) തിരുവന്തപുരത്തിന് റഫ്രിജറേറ്റർ വാങ്ങാനായി ചെലവഴിച്ചിട്ടുണ്ട്. 23.10.2018ന് റഫ്രിജറേറ്റർ വാങ്ങുന്നതിന് 43635/- ചെലവഴിച്ചതിന്റെ Utilization Certificate ഫയലിൽ ഉണ്ട്. എന്നാൽ റഫ്രിജറേറ്റർ ലഭിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ആയതിനാൽ 118230/- രൂപ തടസം ചെയ്യുന്നു. (ഓഡിറ്റ് എൻക്വയറി നം. 3 തിയ്യതി 16.03.2020)

## 1-20 മെഡിക്കൽ ഒാഫീസർ, പി.എച്ച്.സി. നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

1-20(1) അതിജീവനം (വനിത) – ക്യാൻസർ നിർണ്ണയ ക്യാമ്പിൽ പങ്കെടുത്ത ഡോക്ടർമാർക്ക് പരിശോധന ഫീസ് നല്കി – 24000/-രൂപ തടസ്സപ്പെടുത്തുന്നു.

മാറഞ്ചേരി ഗ്രാമ പഞ്ചായത്തിലെ സ്ത്രീകളുടെ ഗർഭാശയ ക്യാൻസർ, സ്തനാർബുദ രോഗനിർണ്ണയം, അനുബന്ധ പരിശോധനയുമാണ് ഈ പ്രോജക്റ്റ്കൊണ്ട് ഉദ്ദേശിക്കുന്നത്. മേൽ പദ്ധതിയുടെ വിവരങ്ങൾ താഴെ നല്കുന്നു.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | അതിജീവനം (വനിത) |
| പ്രൊജക്ട് നം. | 109 |
| അടങ്കൽ | 400000/- |
| ചെലവഴിച്ച തുക | 182400/- (വികസന ഫണ്ട്)<br>45000/-<br>(No.30/18-19 dated 23.03.19)<br>103400/-<br>(No.36/18-19 dated 23.03.19)<br>34000/-<br>(No.37/18-19 dated 23.03.19) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡോ. രാജലക്ഷ്മി. എസ്<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

മേൽ പദ്ധതി പ്രകാരം ക്യാൻസർ നിർണ്ണയ ക്യാമ്പിൽ പങ്കെടുത്ത ഡോക്ടർമാർക്ക് 24000/-രൂപ വേതനമായി നല്കിയിട്ടുണ്ട്. G.O(MS)22/2018 ത.സ്വ.ഭ.വ തിയ്യതി 14.02.2018 അനുബന്ധങ്ങൾ 8.10 പ്രകാരം പ്രോജക്റ്റിൽ ഉൾപ്പെടുത്തി ഡോക്ടർമാർക്ക് ശമ്പളമോ ഹോണറേറിയമോ നല്കാൻ പാടില്ല. എന്നാൽ പി.എച്ച്.സി. ഓഡിറ്റിന് ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം അതിജീവനം (വനിത)-ക്യാൻസർ നിർണ്ണയക്യാമ്പിൽ പങ്കെടുത്ത താഴെപ്പറയുന്ന ഡോക്ടർമാർക്ക് ഓണറേറിയം/ശമ്പളം 24000/-രൂപയും (Wage) പന്തൽ & ഡക്കറേഷൻ ചാർജ്ജായി 10000/- അടക്കം 34000/-രൂപ (No.37/18-19 dated 23.03.19) നല്കിയിട്ടുണ്ട്.

| Sl. No. | Voucher No. | Date | Particulars | Amount |
|---|---|---|---|---|
| 01 | 9 | 06.03.19 | Dr.Jaseel.M.V.-wages | 2000 |
| 02 | 10 | 06.03.19 | Dr.Sumitha N.K.- Wages | 2000 |
| 03 | 11 | 06.03.19 | Dr. Sruthi S Babu-wages | 2000 |

| | | | | |
|---|---|---|---|---|
| 04 | 12 | 07.03.19 | Dr.Jaseel.M.V.-wages | 2000 |
| 05 | 13 | 07.03.19 | Dr.Sumitha,N.K.-wages | 2000 |
| 06 | 14 | 07.03.19 | Dr. Sruthi.S.Babu-wages | 2000 |
| 07 | 15 | 08.03.19 | Dr.Jaseel.M.V.-wages | 2000 |
| 08 | 16 | 08.03.19 | Dr.Sumitha.N.K.Wages | 2000 |
| 09 | 17 | 08.03.19 | Dr.Sruthi.S.Babu-wages | 2000 |
| 10 | 18 | 11.03.19 | Dr.Jaseel.M.V.-wages | 2000 |
| 11 | 19 | 11.03.19 | Dr.Sumitha.N.K.Wages | 2000 |
| 12 | 20 | 11.03.19 | Dr.Sruthi.S.Babu-wages | 2000 |
| 13 | 21 | 21.03.19 | Panthal and decoration | 10000 |
| | | | Total | 34000 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം 4 തിയ്യതി 18.03.2020 മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ 24000/-രൂപ തടസ്സപ്പെടുത്തുന്നു.

<u>1-20(1) അതിജീവനം(ജനറൽ)-(നോട്ടീസ് അച്ചടിക്കുന്നതിന് ക്വട്ടേഷൻ വിളിച്ചില്ല)</u>

അതിജീവീനം (ജനറൽ)(പ്രൊജക്ട് നം.110) മാറഞ്ചേരി നിവാസികളായ ആളുകൾക്ക് കാൻസർ രോഗ നിർണ്ണയവും, ബോധവൽക്കരണവും എന്നതാണ് പ്രോജക്ട്കൊണ്ട് ഉദ്ദേശിക്കുന്നത്.

മേൽ പ്രൊജക്ട് പ്രകാരം 145380/-രൂപ (വികസന ഫണ്ട്) കാൻസർ രോഗനിർണ്ണയത്തിനും ബോധവൽക്കരണത്തിനും വേണ്ടി ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രോജക്ടിന് നോട്ടീസ് അച്ചടിച്ചതിന് 31500/-രൂപ (ട്രഷറി ബിൽ നം.34/18-19 തിയ്യതി 23.03.2019) സായൂജ്, കാട്ടകാമ്പാൽ റോഡ്, ചിറയ്ക്കൽ, തൃശ്ശൂർ എന്ന സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. വിവരങ്ങൾ താഴെ നല്കുന്നു.

| Sl.No. | Invoice No. | Date | Particulars | Amount |
|---|---|---|---|---|
| 01 | 2517 | 23.02.2019 | Multicolour Notice | 14900 |
| 02 | 2523 | 25.02.2019 | Survey Form | 14800 |
| 03 | 2732 | 27.02.2019 | Questionair & Cloth Banner | 1800 |
| | | | Total | 31500 |

നോട്ടീസ് അച്ചടിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. നോട്ടീസ് അച്ചടിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് ഒരുമിച്ച് നോട്ടീസ് പ്രിന്റ് ചെയ്യാതെ അടുത്തടുത്ത ദിവസങ്ങളിൽ നോട്ടീസ് ഒരു സ്ഥാപനത്തിൽ അച്ചടിക്കുകയാണ് ചെയ്തത്. ക്വട്ടേഷൻ ക്ഷണിക്കാതെ ഒരു സ്ഥാപനത്തിന് തന്നെ നോട്ടീസ് അച്ചടിക്കാൻ ഓർഡർ നല്കിയതിന് വിശദീകരണം നല്കേണ്ടതാണ്.

# 1-21 കിഴങ്ങു കൃഷി വികസനം-അപാകതകൾ - 1,00,000/- രൂപ തടസ്സം ചെയ്യുന്നു.

മാറഞ്ചേരി ഗ്രാമ പഞ്ചായത്തിലെ കിഴങ്ങ് വർഗ്ഗങ്ങളുടെ ലഭ്യത ഉയർത്തുന്നതിനും കിഴങ്ങ് വർഗ്ഗ വിളകളുടെ കൃഷി പ്രോത്സാഹിപ്പിക്കലുമാണ് പദ്ധതിയുടെ ലക്ഷ്യം

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | കിഴങ്ങു കൃഷി വികസനം |
| പ്രൊജക്റ്റ് നം. | 102 |
| അടങ്കൽ | 100000/- |
| ചെലവഴിച്ചതുക | 100000- (വികസന ഫണ്ട്)<br>(Sl.No.8 (P7) dated 28.01.19) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ. വിഷ്ണുനാരായണൻ പി.എം.<br>അഗ്രികൾച്ചറൽ ഓഫീസർ |

മേൽ പദ്ധതിയ്ക്ക വേണ്ടി കേരള അഗ്രോ ഇൻഡസ്ട്രീസ് ലിമിറ്റഡ്, വണ്ടൂരിൽ നിന്നും. ഇൻവോയ്സ് നം. W.197/18-19 തിയ്യതി 19.01.2019 പ്രകാരം 100000/-രൂപയുടെ കിഴങ്ങുവിള കിറ്റ് വാങ്ങിയിട്ടുണ്ട്. (ഒരു കിറ്റിന് 200/-രൂപ പ്രകാരം500 യൂണിറ്റ്. കിറ്റിൽ ചേന, ചേമ്പ്, മഞ്ഞൾതുടങ്ങിയ കിഴങ്ങു വിളകൾ) വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ പഞ്ചായത്തിലെ ഓരോ വാർഡിലും ആനുപാതികമായി കിറ്റ് വിതരണം ചെയ്തതായി കാണുന്നു. എന്നാൽ കിഴങ്ങു വിള കിറ്റ് കൈപ്പറ്റിയ കർഷകന്റെ പേരോ, അവർ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട വ്യക്തിയാണെന്നോ, വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കിറ്റ് കൈപ്പറ്റിയ ഗുണഭോക്താക്കളുടെ പേരുകൾ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. (ഓഡിറ്റ് എൻക്വറി നം. 7 തിയ്യതി 19.03.2020) മേൽ ഓഡിറ്റ് അന്വേഷണത്തിന് 19.03.2020ന് കൃഷി ഓഫീസർ നല്കിയ മറുപടിയിൽ കിഴങ്ങു വിളകൾ കർഷകരുടെ ആവശ്യപ്രകാരമാണ് അതാതു വാർഡിൽ വിതരണം ചെയ്തതെന്നും വിതരണ സ്റ്റേറ്റ്മെന്റ് ഉള്ളടക്കം ചെയ്യുന്നുവെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ വിതരണം സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. വിതരണ സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. വിതരണ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ 1,00,000 രൂപ തടസ്സം ചെയ്യുന്നു.

# 1-22 പരമ്പരാഗത കിഴങ്ങ്വർഗ്ഗ വിളകളുടെ സംരക്ഷണം-അപാകതകൾ

അന്യം നിന്നു പോകുന്ന കാച്ചിൽ തുടങ്ങിയ പരമ്പരാഗത കിഴങ്ങു വിളകളുടെ സംരക്ഷണവും അവ കൂടുതൽ പ്രദേശത്ത് കൃഷി ചെയ്യുകയും, മേൽ കൃഷിയെ പ്രോത്സാഹിപ്പിക്കലുമാണ് ഈ പദ്ധതി നിർവ്വഹണംകൊണ്ട് വിഭാവനം ചെയ്യുന്നത്

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | പരമ്പരാഗത കിഴങ്ങ്വർഗ്ഗ വിളകളുടെ സംരക്ഷണം |
| പ്രൊജക്റ്റ് നം. | 125/19 |
| അടങ്കൽ | 50000/- |
| ചെലവഴിച്ചതുക | 50000- (തനതുഫണ്ട്)<br>37500/-<br>(Cheque No. 3053895 dated 10.03.19) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ. വിഷ്ണുനാരായണൻ പി.എം.<br>അഗ്രികൾച്ചറൽ ഓഫീസർ |

അപാകതകൾ

1.പരമ്പരാഗത കിഴങ്ങ്‌വർഗ്ഗ വിളകളുടെ സംരക്ഷണത്തെകുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമല്ല.

2. ചെലവു പത്രിക പ്രകാരം 50000/-രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 37500/-രൂപയുടെ ചെക്ക് കിഴങ്ങുവിളകൾ വാങ്ങിയതിന് ശ്രീ പി.ജെ. മാനുവൽ എന്ന വ്യക്തിയ്ക്ക് (ലോല എക്കോഷോപ്പ്, ചുണ്ടമുക്ക്, വയനാട്) നല്കിയതായി ട്രഷറി ബില്ലിൽ കാണുന്നു. മാത്രവുമല്ല ട്രാൻസാക്ഷൻ ചെയ്യാത്ത 12500/-രൂപയുടെ ചെക്ക് (ചെക്ക് നം. 10020434 തിയ്യതി 23.03.19) ഫയലിൽ കാണുന്നുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 6 തിയ്യതി 19.03.2020) ഓഡിറ്റ് അന്വേഷണത്തിന് 19.03.2020ന് കൃഷി ഓഫീസർ നല്കിയ മറുപടിയിൽ 12500/- രൂപ നിലമൊരുക്കുന്നതിനും മറ്റുമാണ് ഉപയോഗിക്കേണ്ടിയിരുന്നത്. എന്നാൽ ഈ തുകയ്ക്ക് അനുസരിച്ചുള്ള ബില്ല്/വൗച്ചർ കർഷകർ മാർച്ച് 2019നു മുമ്പ് കൃഷിഭവനിൽ നല്കാത്തതാണ് ഈ തുക വിനിയോഗിക്കാതെ കിടക്കുന്നത് എന്നും ഇത് പഞ്ചായത്തിന് യാതൊരുവിധ ബാധ്യതയും വരുത്തിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. കർഷകർ നല്കിയ ചെലവ് പത്രികയും ചെക്കിന്റെ വിനിയോഗവും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ പരമ്പരാഗത കിഴങ്ങ്‌വർഗ്ഗ വിളകളുടെ സംരക്ഷണത്തെകുറിച്ചുള്ള വിശദാംശങ്ങൾ മറുപടിയിൽ ലഭ്യമല്ല. മേൽ അപാകതകൾ പരിഹരിക്കുന്നതു വരെ 50000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 സിമന്റ് കോൺക്രീറ്റിംഗ് റോഡ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു - അധികം നൽകിയത് 8349രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ 18.3.20 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ പ്രവൃത്തികളിൽ 1:2:4 (Using 40 mm) Cement Concreting ചെയ്തിട്ടുള്ളത് സൈഡ് ഷട്ടറിംഗ് ചെയ്യാതെയും ചില പ്രവൃത്തികളിൽ ഭാഗികമായി ചെയ്തവയാണെന്നും ബോധ്യപ്പെട്ടു. DSR കോഡ് 16.42 പ്രകാരമുള്ള നിരക്കാണ് പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ളത്. ഇതിൽ സൈഡ് ഷട്ടറിംഗ് കുറച്ച നിരക്കാണ് കരാറുകാർക്ക് അനുവദിക്കേണ്ടത്.

1.പുതുപ്പറമ്പിൽ റോഡ് കോണ്ക്രീറ്റിംഗ് (208/19)

2.APJ അബ്ദുൽ കലാം സ്മാരക റോഡ് കോൺക്രീറ്റിംഗ് (22/19)

പ്രവൃത്തികളിൽ കരാറുകാർക്ക് അധികം നൽകിയതിന് 8349 രൂപ. വിശദവിവരം ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-24 മരാമത്ത് പ്രവൃത്തികളിൽ ജി.എസ്.ടിയിൻമേൽ TDS ഈടാക്കിയിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

കേന്ദ്ര സർക്കാറിന്റെ 14.9.18 ലെ 65/39/2018-DOR നം സർക്കുലർ പ്രകാരം മരാമത്ത് പ്രവൃത്തികളിൽ 1.10.2018 മുതൽ കരാറുകാർക്ക് അനുവദിക്കുന്ന പേമെന്റുകളിൽ നിന്നും ജി.എസ്.ടിയിന്മേൽ 2% TDS ഈടാക്കേണ്ടതാണ്. താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ പേമെന്റ് നടത്തിയിട്ടുള്ളത് 1.10.18 ന് ശേഷമാണെങ്കിലും 2% TDS ഈടാക്കിയിട്ടില്ല. ജി.എസ്.ടിയിന്മേൽ 2% TDS ഈടാക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്.

| പ്രോജക്റ്റ് | പ്രവൃത്തി | തുക | ബിൽ | TDS കുറവ് ചെയ്യേണ്ടത് |
|---|---|---|---|---|
| 21/19 | താമലശ്ശേരി കുന്നത്ത് പള്ളി | 490000 | 26/9.10.18 | 9800 |

| | | | | |
|---|---|---|---|---|
| | റോഡ് കോൺക്രീറ്റിംഗ് | | | |
| 24/19 | വെമ്പറമ്പിൽ റോഡ് കോൺക്രീറ്റിംഗ് | 259620 | 33/31.10.18 | 5192 |
| 26/19 | ചീരമ്പത്തേൽ കുമാരൻ സ്മാരക റോഡ് കോൺക്രീറ്റിംഗ് | 471061 | 29/24.10.18 | 9421 |
| 158/19 | സ്നേഹനഗർ വാക്കാട്ട് പറമ്പ് റോഡ് കോൺക്രീറ്റിംഗ് | 495000 | 36/15.11.18 | 9900 |
| 33/19 | വടക്കാഞ്ചരി പള്ളി കുരിയപ്പാടം റോഡ് കോൺക്രീറ്റിംഗ് | 490000 | 34/31.10.18 | 9800 |
| 32/19 | അവൻകോട്ട കണ്ണത്ത് കുമാരൻ സ്മാരക റോഡ് കോൺക്രീറ്റിംഗ് | 490000 | 32/27.10.18 | 9800 |
| 159/19 | വടമുക്ക് ക്ഷേത്രം അപ്പുണ്ണി റോഡ് കോൺക്രീറ്റിംഗ് | 300000 | 31/27.10.18 | 6000 |
| 34/19 | യൂസുഫ് മെമ്മോറിയൽ റോഡ് കോൺക്രീറ്റിംഗ് | 495000 | 30/24.10.18 | 9900 |
| 16/19 | ഇറിഗേഷൻ റോഡ് കോൺക്രീറ്റിംഗ് | 490000 | 42/24.11.18 | 9800 |
| 19/19 | ഗാന്ധി നഗർ റോഡ് കോൺക്രീറ്റിംഗ് | 490000 | 45/10.11.18 | 9800 |
| 208/19 | പുതുപ്പറമ്പിൽ റോഡ് കോൺക്രീറ്റിംഗ് | 495000 | 44/10.11.18 | 9900 |
| 20/19 | ജൂബിലി റോഡ് കോൺക്രീറ്റിംഗ് | 490000 | 46/10.11.18 | 9800 |
| | | | | |

| | | | | |
|---|---|---|---|---|
| 30/19 | അച്ചുതൻ സ്മാരക റോഡ് കോൺക്രീറ്റിംഗ് | 495000 | 47/10.12.18 | 9900 |

2% TDSഈടാക്കാതിരുന്നതിന് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No.10/19.3.20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 GST കോംപെൻസേഷൻ ഉൾപ്പെടുത്തി കരാറുകാർക്ക് തുക നൽകി - കോമ്പൻസേഷൻ തുകയുടെ അടവ് വിവരം ഉറപ്പാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ GST Compensation അനുവദിച്ച് മൂല്യ നിർണ്ണയം കണക്കാക്കുകയും കരാറുകരാന് തുക നൽകുകയും ചെയ്തിട്ടുണ്ട്. അധിക നിരക്കിൽ GST കരാറുകാരൻ അടവാക്കിയതിന്റെ രേഖ സമർപ്പിക്കുന്ന മുറക്കേ, കരാറുകാരന് GST Compensation നൽകേണ്ടതുള്ളൂ. GO(P)87/2017/lsgd dt.01.11.2017 ഉത്തരവിന്റെ പിൻബലത്തിലാണ് ഇപ്രകാരം കോംപൻസേഷൻ അനുവദിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തി | പ്രവൃത്തി മൂല്യനിർണയ വിവരം | GST Compensation അനുവദിച്ചത് |
|---|---|---|
| 64/19<br>കുരിയപ്പാടം അവൻകോട്ട റോഡ് നവീകരണം | 270536 | 9148 |
| 81/19<br>അവുണ്ടിത്തറ ഏമ്പത്തേരി റോഡ് നവീകരണം | 140753 | 4759 |
| 131/19<br>സ്റ്റേഡിയം കോമ്പൗണ്ട് വാൾ റിപ്പയർ | 576333 | 27444 |
| 63/19<br>താമലശ്ശേരി തുറവാണം റോഡ് നവീകരണം | 460000 | 16095 |
| 162/19<br>TRC റോഡ് റീടാറിംഗ് | 300000 | 8772 |
| 76/18<br>മരാമുറ്റം ചീർപ്പ് പാലം റോഡ് നവീകരണം | 470925 | 15925 |
| ആകെ | | 82143 |

ജി.എസ്.ടി കോംപൻസേഷൻ നൽകുന്നത് സംബന്ധിച്ച DB3-9058/17/CE/ത.സ്വ.ഭ.വ. തിയതി 27/11/17 നമ്പർ സർക്കുലറിൽ കരാറുകാരൻ അടച്ച തുക സർക്കാർ ഉത്തരവ് പ്രകാരമാണെന്ന് ഉറപ്പാക്കി അടച്ച തുകയുടെ രേഖ പരിശോധിച്ചാണ് തുക നൽകേണ്ടത് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കോമ്പൻസേഷൻ തുകയുടെ അടവ് വിവരം ഉറപ്പാക്കേണ്ടതാണ്. (AUDIT ENQUIRY No.16 /19.3.20)

# 1-26 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് ഈടാക്കിയട്ടില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ 194086 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജ് എല്ലാ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല. ഭാവിയിൽ കളക്ഷൻ ചാർജ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകക്ക് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No.12/19.3.20) മറുപടി ലഭ്യമാക്കിയിട്ടില്ല.

# 1-27 എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് വിതരണം - അപാകത

നിർവഹണ ഉദ്യോഗസ്ഥൻ -അസി.സെക്രട്ടറി

2018-19 വർഷത്തേക്ക് ബാധകമായ 14-02-2018-ലെ സ.ഉ(എം.എസ്) 22/18/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖയിൽ ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം), ചാർട്ടേർഡ് അക്കൗണ്ടന്റ് ആർട്ടിക്കിൾഷിപ്പ് എന്നീ കോഴ്സുകൾക്ക് സർക്കാർ, എയ്ഡഡ്, സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) 30,000 രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ്ടോപ്പ് / കമ്പ്യൂട്ടറുകൾ ഗ്രാമ/നഗര /ഭരണ സ്ഥാപനങ്ങൾക്ക് വാങ്ങി നൽകാവുന്നതാണ്.

അസി. സെക്രട്ടറി നിർവ്വഹണം നടത്തിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണവുമായി ബന്ധപ്പെട്ട് PENTAS, Vengara എന്ന സ്ഥാപനത്തിൽ (ടെണ്ടർ പ്രകാരം കുറവ് നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനം) നിന്നും 29850 രൂപ വീതം വിലയുള്ള7 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്റ്റ് നമ്പർ/ പേര് | ഇൻവോയ്സ് നമ്പർ/ തീയതി | എണ്ണം | വില | തുക നൽകിയ വിവരം | |
|---|---|---|---|---|---|
| | | | | ബിൽ/ചെക്ക് നമ്പർ/തീയതി | തുക |
| 11/19<br>SC വിദ്യാർത്ഥികൾക്ക് | PG/292/15-09-18 | 7 | 208950 | 30/19.3.19<br>3053833/25.9.18 | 200000<br>8950 |

| | | | | | |
|---|---|---|---|---|---|
| ലാപ്ടോപ്പ് നൽകൽ | | | | | |

ലഭ്യമായ ലാപ്പ്ടോപ്പുകൾ നിർദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. മേൽ അപാകതകക്ക് വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No.14/19.3.20) ലഭ്യമാക്കിയ മറുപടിയിൽ നിർദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്പ്ടോപ്പുകളാണ് വാങ്ങിയിട്ടുള്ളതെന്ന ടെക്നിക്കൽ അസിസ്റ്റന്റിന്റെ കത്താണ് ലഭ്യമാക്കിയത്. സ്പെസിഫിക്കേഷൻ സാക്ഷ്യപ്പെടുത്തേണ്ടത് ഇലക്ട്രോണിക്സ് വിംഗ്, മഞ്ചേരിയിലെ അസി.എഞ്ചിനീയറാണ്. ഭാവിയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

## 1-28 കറവപശുവിനെ വാങ്ങാൻ ധനസഹായം (പട്ടികജാതി) ലോൺ അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം./പേര് | 115/19 കറവപശുവിനെ വാങ്ങാൻ ധനസഹായം (പട്ടികജാതി) |
| അടങ്കൽ | 2,50,000/-എസ്.സി.പി |
| ചെലവ് | 2,50,000/- എസ്.സി.പി 1,50,000/-<br>30,000/- ട്രഷറി ബിൽ നം. 3/18-19 തിയ്യതി 28.12.2018<br>30,000 ട്രഷറി ബിൽ നം. 8/18-19 തിയ്യതി 31.01.2019<br>90,000 ട്രഷറി ബിൽ നം. 10/18-19 തിയ്യതി 25.03.2019<br>100000/-(വായ്പ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

മേൽ പദ്ധതിയിൽ 5 ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങാൻ ധനസഹായം നല്കുകയും അതു വഴി പാലുത്പാദനം വർദ്ധിപ്പിക്കുയുമാണ് ലക്ഷ്യം. 50000/-രൂപ ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ ലഭ്യമാക്കുകയും 30,000/-രൂപ ബാക്ക് എൻഡ് സബ്സിഡിയായി ഗുണഭോക്താവിന്റെ അക്കൗണ്ടിൽ അടവാക്കാനുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്ത് നൽകിയ ധനസഹായ ചെലവ് തുക 1,50,000/- തടസ്സം ചെയ്യുന്നു.

## 1-29 ലോൺ അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല- ചെലവു തുക തടസ്സം ചെയ്യുന്നു

| | |
|---|---|
| പ്രോജക്ട് നം. | 113/19 |
| പ്രൊജക്ടിന്റെ പേര് | കറവപ്പശുവിനെ വാങ്ങാൻ ധനസഹായം (ജനറൽ) |
| അടങ്കൽ | 11,50,000 രൂപ |
| ചെലവ് | 10,25,000 രൂപ വികസന ഫണ്ട് 4,50,000/-<br>4,00,000/- ട്രഷറി ബിൽ നം. 4/18-19 തിയ്യതി 28.12.2018<br>50,000/- ട്രഷറി ബിൽ നനം. 7/18-19 തിയ്യതി 31.01.2019<br>575000/-(വായ്പ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

മേൽ പദ്ധതിയിൽ 23 ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങാൻ ധനസഹായം നല്കുകയും അതുവഴി പാലുത്പാദനം വർദ്ധിപ്പിക്കുയുമാണ് പദ്ധതിയുടെ ലക്ഷ്യം. 50000/-രൂപ ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ ലഭ്യമാക്കുകയും 25000/-രൂപ ബാക്ക് എൻഡ് സബ്സിഡിയായി ഗുണഭോക്താവിന്റെ അക്കൗണ്ടിൽ

അടവാക്കുന്നതുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. എന്നാൽ ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള ചെലവ് തുക 4,50,000/- തടസ്സം ചെയ്യുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 3-1 സിമന്റ് കോൺക്രീറ്റിംഗ് റോഡ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു - അധികം നൽകിയത് 8349രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ 18.3.20 ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധിച്ചതിൽ പ്രവൃത്തികളിൽ 1:2:4 (Using 40 mm) Cement Concreting ചെയ്തിട്ടുള്ളത് സൈഡ് ഷട്ടറിംഗ് ചെയ്യാതെയും ചില പ്രവൃത്തികളിൽ ഭാഗികമായി ചെയ്തവയാണെന്നും ബോധ്യപ്പെട്ടു. DSR കോഡ് 16.42 പ്രകാരമുള്ള നിരക്കാണ് പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ളത്. ഇതിൽ സൈഡ് ഷട്ടറിംഗ് കുറച്ച നിരക്കാണ് കരാറുകാർക്ക് അനുവദിക്കേണ്ടത്. അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

| പ്രവൃത്തി | കോൺക്രീറ്റിംഗിന് അനുവദിച്ച തുക | സൈഡ് ഷട്ടറിംഗ് ചെയ്യാത്ത അളവിന് അനുവദിച്ച തുക | സൈഡ് ഷട്ടറിംഗ് ചെയ്യാത്ത അളവിന് അനുവദിക്കാവുന്ന തുക (Observed Data) | കരാറുകാരന് അധികം അനുവദിച്ച തുക |
|---|---|---|---|---|
| പുതുപ്പറമ്പിൽ റോഡ് കോണ്ക്രീറ്റിംഗ് (208/19) എം. ബുക്ക് - 125/18-19 മൂല്യനിർണ്ണയം - 300000 കരാർ - 62/11.12.18(Estimate) ബിൽ - 55/8.1.19 കരാറുകാരൻ - M.ഷൺമുഖൻ Cost Index-37.25% | 37.09 m3 x7553.97/m3 = 280176 (length-75.3 m) | 20.06m3 x7553.97/m3 = 151532.6 (36.3 മീറ്റർ നീളത്തിൽ സൈഡ് ഷട്ടറിംഗ് ചെയ്തിട്ടില്ല) (37.09 m3-17.03 m3 =20.06 m3) | 20.06m3x7373.94/m3 = 147921 | 3612 |
| APJ അബ്ദുൽ കലാം സ്മാരക റോഡ് കോൺക്രീറ്റിംഗ് | 54.400m3 x7553.97/m3 = 410925.97 | 26.31m3 x7553.97/m3 = 198745 | 26.31m3x7373.94/m3 = 194008 | 4737 |

| | | | | |
|---|---|---|---|---|
| (22/19)<br>എം. ബുക്ക് - 55/18-19<br>മൂല്യനിർണ്ണയം - 443284<br>കരാർ - 18/7.9.18(Estimate)<br>ബിൽ - 27/22.10.18<br>കരാറുകാരൻ - E.ശിവദാസൻ<br>Cost Index-37.25% | (length-124.3 m) | (65 മീറ്റർ നീളത്തിൽ സൈഡ് ഷട്ടറിംഗ് ചെയ്തിട്ടില്ല)<br>(54.400 m3 – 28.09 m3 = 26.31 m3) | | |
| ആകെ | | | 8349 | |

മേൽ അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No.11/19.3.20) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അതുവരെ പ്രവൃത്തികളുടെ അളവ് രേഖപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ചുമത്തുന്നു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തിയ്യതി |
|---|---|---|
| 2018-19 | 06.08.2029 മുതൽ 07.08.2019 വരെ | നം.കെ.എസ്.എ.എം.പി.എം.28/1035/2019 തിയ്യതി 24.08.2019 |

.

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് പെരുമ്പടപ്പ് | 415 | 2018-19 | 400000 | പ്രൊ.നം. 28/18-19 നെൽകൃഷി വികസനം | 392756 | 7244 |
| | | | 750000 | പ്രൊ.നം. 93/18-19 എസ്.സി.വിദ്യാർത്ഥികൾക്ക് പഠനമുറി | 747495 | 2505 |
| | | | 650000 | പ്രൊ.നം. 36/18-19 ലൈഫ് മിഷൻ | 500000 | 150000 |
| | | | 250000 | പ്രൊ.നം. 132/18-19 ശാരീരിക മാനസിക | 250000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |
| | 415 | | 2050000 | | 1890251 | 160164 |
| ജില്ലാ പഞ്ചായത്ത് മലപ്പുറം | 91200 | | 3158900 | പ്രൊ.നം. 36/18-19 ലൈഫ് മിഷൻ | 3158900 | 00 |
| | | | 200000 | പ്രൊ.നം. 132/18-19 ശാരീരിക മാനസിക വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 200000 | 00 |
| | 91200 | | 3358900 | | 3358900 | 91200 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പാടശേഖര സമിതിയിലേക്ക് ലൈൻ എക്സ്റ്റെൻഷൻ | Bill No. 31/18-19, 30/18-19 തിയ്യതി ലഭ്യമല്ല. | 190000 | പൂർത്തീകരിച്ചു | 0 |
| KWA | വിവിധ വാർഡുകളിലേക്ക് വാട്ടർ കണക്ഷൻ എക്സ്റ്റെൻഷൻ | 13/18-19 തിയ്യതി ലഭ്യമല്ല. | 223633 | പൂർത്തീകരിച്ചു | 0 |
| KSEB | വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 25/18-19, 36/18-19 32/18-19 തിയ്യതി ലഭ്യമല്ല. | 200000 | പൂർത്തീകരിച്ചു | 0 |
| KSEB | കുണ്ടംകുഴി കോൾപ്പടവിന് വൈദ്യുതി ലൈൻ എക്സ്റ്റെൻഷൻ | ചെക്ക് നം. 21801446 തിയ്യതി 22.03.2019 | 59318 | 0 | 59318 |

വാർഷിക ധനകാര്യപത്രികയിൽ കുണ്ടംകുഴി കോൾപ്പടവിന് വൈദ്യുതി ലൈൻ എക്സ്റ്റെൻഷന് നല്കിയ 59318/-രൂപ മാത്രമാണ് ഉൾപ്പെടുത്തിയത്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചട യ്ക്കാനുള്ള പലിശ | തൻവർഷം അടച്ചത് | | വർഷാവ സാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | Loan from KURDGC for LIFE Mission | Ist instalment സ.ഉ(ആർ.ടി.)നം.68/18/ ത.സ്വ.ഭ.വ/2018 തിയ്യതി 18.05.2018 | 10875693 | 00 | 00 | 00 | 00 |
| 1 | Loan from KURDGC for LIFE Mission | 2nd instalment സ.ഉ(ആർ.ടി.)നം.68/18/ ത.സ്വ.ഭ.വ/2018 തിയ്യതി 18.05.2018 | 11960000 | 00 | 00 | 00 | 22835693 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല

# 4-7 ഒാഡിറ്റ് റിക്കവരി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം. തിയ്യതി |
|---|---|---|---|---|
| 2011-12 | 3-6 | 9789 | ഇ.ശിവദാസൻ,<br>കോൺട്രാക്ടർ | 118110101568 dated 14.06.2018 |
| 2016-17 | 3-1 | 106987 | ജിജോ പുലിക്കോട്ടിൽ<br>അസി.എഞ്ചിനീയർ | 118110102157 dated 30.07.2018 |
| | | 40000 | വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവരി 156776/-രൂപയാണ്. 40000/-രൂപ ലൈഫ് മിഷൻ ചെക്ക് തുക മടങ്ങി വന്നത് തെറ്റായി ക്രെഡിറ്റ് ചെയ്ത തുകയാണ്. ശ്രീ.ഷാഹുൽ ഹമീദ് എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് തുക കൈമാറാൻ കഴിയാത്തതിനാൽ തിരിച്ച വന്ന ഈ തുക 2019-20 വർഷം കണ്ടെത്തി ക്രമീകരിച്ചിട്ടുണ്ട്. | 118110101330 dated 08.01.2019 |
| | | 156776 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഒാഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2014-15 | 2-1, 2-2, 2-3, 2-4 | 2016-17 | 2-1 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | തുടർനടപടി സ്വീകരിച്ചു വരുന്നു |
| 2015-16 | 2-5 | 2016-17 | 2-2 | വരുമാന സ്രോതസ്സുകൾ കണ്ടെത്തൽ- | തുടർനടപടി സ്വീകരിച്ചു വരുന്നു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2001-02 | 11 | സി.കെ.ജനാർദ്ദനൻ നായർ | LF 2437/ Spl.cell/ SC5/06 19.5.06 | 25000 | | | | | | 25000 | അടവാക്കിയില്ല |
| 2 | 1998-99 | 38,39 | പി.ബി.ജോഷ് കുമാർ | LF 23194/ Spl.cell/ SC5/04 28.7.06/ 13.12.06 | 7500 | | | | | | 7500 | അടവാക്കിയില്ല |
| 3 | 1997-98 | 47 | C.K.Janardhanan Nair Agri officer | LF 23196/ Spl.cell/ SC5/04 17.05.06 | 4500 | | | | | | 4500 | അടവാക്കിയില്ല |
| 4 | 1997-98 | 32 35 36 | P.P Krishnan Secreary | LF 23196/ Spl.cell/ SC5/04 27.10.05 | 22296 | | | | | | 22296 | അടവാക്കിയില്ല |
| 5 | 1997-98 | 50 | പി.ബി.ജോഷ് കുമാർ vet.surgeon | LF 23196/ Spl.cell/ SC5/04 17.05.06 | 9000 | | | | | | 9000 | അടവാക്കിയില്ല |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ ) | : | 115680940 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 97945587 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1415460 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8349 | ഷിദ്വി.എൻ.പി, അസി.എഞ്ചിനീയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 131780 | ജയരാജൻ.വി., സെക്രട്ടറി |
| 1-18 | 383101 | ഡോ.രാജലക്ഷ്മി, മെഡിക്കൽ ഓഫീസർ |
| 1-19 | 118230 | -ടി- |
| 1-20(1) | 24000 | -ടി- |
| 1-21 | 100000 | വിഷ്ണു നാരായണൻ.പി.എം. കൃഷി ഓഫീസർ |
| 1-22 | 50000 | ടി |
| 1-23 | 8349 | ഷിദ്വി.എൻ.പി, അസി.എഞ്ചിനീയർ |
| 1-28 | 150000 | ഡോ.അജ്മൽ അബ്ദുൾ റഹ്മാൻ, വെറ്ററിനറി സർജൻ |
| 1-29 | 450000 | -ടി- |
| ആകെ | 1415460 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

1-12

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര് | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 01 | ജയരാജൻ.വി | സെക്രട്ടറി, മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് | പാലക്കഴി വീട്, കല്ലൂർ, വടക്കേക്കാട്-679562 |
| 02 | ഡോ.രാജലക്ഷ്മി, | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മാറഞ്ചേരി | മോഴൂർ പുത്തൻ വീട്, ഏവൂർ, ഏവൂർ നോർത്ത്, ആലപ്പുഴ-690507 |
| 03 | ഷിദ്ദി.എൻ.പി | അസി.എഞ്ചിനീയർ, മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് | നാലുപുരയ്ക്കൽ, കണ്ടാണശ്ശേരി പി.ഒ, തൃശ്ശൂർ – 680102 |
| 04 | ഡോ.അജ്മൽ അബ്ദുൾ റഹമാൻ | വെറ്ററിനറി സർജൻ, വെറ്ററിനറി ഡിസ്പെൻസറി, കാഞ്ഞിരമുക്ക് | ആന്തുപറമ്പിൽ, ചമ്മണ്ണൂർ, പുന്നയൂർക്കുളം-679561 |

.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1979-80 | കെ.എസ്.എ.എം.പി.എം 28/588/2018 തി: 5-05-2018 | 1 | |
| 1987-88 1988-89 | കെ.എസ്.എ.എം.പി.എം 28/588/2018 തി: 5-05-2018 | 1 | |
| 1992-93 1993-94 | എൽ. എഫ്. എം.8/281/95 തിയ്യതി 01-06-95 | 8 | |
| 1994-95 1995-96 | എൽ. എഫ്. എം.14/957/98 തിയ്യതി 04-11-98 | 3 | |
| 1996-97 | എൽ. എഫ്. എം.14/1472/01 തിയ്യതി 26-11-02 | 10 | |
| 1997-98 | എൽ. എഫ്. എം.14/1470/01 തിയ്യതി 28-11-02 | 25 | |
| 1998-99 | എൽ. എഫ്. എം.14/405/02 തിയ്യതി 10-01-03 | 9 | |
| 1999-00 | എൽ. എഫ്. എം.14/682/03 തിയ്യതി 18-11-03 | 8 | |
| 2000-01 | എൽ. എഫ്. എം.14/683/03 തിയ്യതി 30- | 4 | |

| | | | |
|---|---|---|---|
| | 09-03 | | |
| 2001-02 | എൽ. എഫ്. എം.9/1182/03 തിയ്യതി 23-03-04 | 8 | |
| 2002-03 | എൽ. എഫ്. എം.9/1568/05 തിയ്യതി 07-02-06 | 22 | |
| 2003-04 | എൽ. എഫ്. എം.15/270/09 തിയ്യതി 09-06-09 | 17 | |
| 2004-05 | എൽ. എഫ്. എം.15/271/09 തിയ്യതി09-06-09 | 10 | |
| 2005-06 | എൽ. എഫ്. എം.15/576/10 തിയ്യതി19-08-10 | 5 | |
| 2006-07 | എൽ. എഫ്. എം.15/577/10 തിയ്യതി 04-09-10 | 8 | |
| 2007-08 | എൽ. എഫ്. എം.14/94/12 തിയ്യതി 21-02-12 | 19 | |
| 2008-09 | എൽ. എഫ്. എം.18/572/11 തിയ്യതി 13-06-2011 | 22 | |
| 2009-10 | എൽ. എഫ്. എം.14/2625/11 തിയ്യതി 08-02-2012 | 38 | |
| 2010-11 | എൽ. എഫ്. എം.15/1748/13 തിയ്യതി 07-10-2013 | 22 | |
| 2011-12 2012-13 | കെ.എസ്.എ.എം.പി.എം 24/ 29/2016 തിയ്യതി 07.04.2017 | 33 | |
| 2013-14 2014-15 | കെ.എസ്.എ.എം.പി.എം 28/2101/2016 തിയ്യതി 20.05.2017 | 24 | |
| 2015-16 | കെ.എസ്.എ.എം.പി.എം28/3023/2016 തിയ്യതി 14.02.18 | 19 | |
| 2016-17 | കെ.എസ്.എ.എം.പി.എം 28/1622/2017 തി: 05-07-18 | 19 | |
| 2017-18 | നം കെഎസ്.എ.എം.പി.എം.28/2068/18 തിയ്യതി: 22-10-18 | 22 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## <u>അനുബന്ധം - 1</u> <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.എം.പി.എം.28/1035/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയതി 24-08-2019

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം